# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1383

11.06.2019- ൽ മറുപടിയ്ക്ക്

## കോതമംഗലം മണ്ഡലത്തിലെ കർഷകരുടെ പട്ടയ അപേക്ഷകൾ

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലായി 1977 ന മുൻപ് വനഭ്രമിയും, റവന്യൂ ഭ്രമിയും കൈവശം വച്ച് കൃഷി ചെയ്ത് ജീവിച്ച വരുന്ന കർഷകരുടെ പട്ടയ അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ പട്ടയം ലഭിക്കുന്നതിനാ വേണ്ടിയുള്ള എത്ര അപേക്ഷകളാണ് സർക്കാരിൽ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്ക് പട്ടയം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ; | ബി) റവന്യൂ ഭ്രമി പതിവിനായി 860 അപേക്ഷകൾ കോതമംഗലം താലൂക്കാഫീസിൽ ലഭിച്ചിരുന്നതും ആയതിൽ നിന്ന് 159 പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതുമാണ്. വനഭ്രമി പതിവിന് റവന്യൂ വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കി സംസ്ഥാന കേന്ദ്ര ഗവൺമെന്റുകളുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. 2003 കാലഘട്ടത്തിൽ നടത്തിയ സംയുക്ത പരിശോധനയ്ക്ക് വനം വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (സി) നിയമപരമായി പട്ടയം ലഭിക്കുവാൻ അർഹതയുള്ള ഇവർക്ക് പട്ടയം നല്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) കാലതാമസമൊഴിവാക്കി പട്ടയം വേഗത്തിൽ ലഭ്യമാക്കുന്നതിന വേണ്ട നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ? | (ഡി) സ്വീകരിക്കുന്നതാണ്. സ.ഉ (എം.എസ്) 280/11/റവ തീയതി. 27.07.2011 പ്രകാരം താമസാവശ്യത്തിനുള്ള 15 സെന്റ് ഭൂമി മാത്രമാണ് പതിച്ച നൽകി വന്നിരുന്നത്. കോതമംഗലം താലൂക്കിലെ അപേക്ഷകരിൽ കൂടുതൽ പേരും 15 സെന്റ് ഭൂമിയിൽ കൂടുതൽ കൈവശമുള്ളവരും ഭൂമി കാർഷികാവശ്യത്തിനായി വിനിയോഗിച്ച് വരുന്നതുമാണ്. കൂടാതെ പി.ഡബ്ല്യൂ.ഡി റോഡിന് സമീപത്തുള്ള ഭൂമി പതിച്ച നൽകുന്നതിനായി പി.ഡബ്ല്യൂ.ഡി വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിക്കാത്തതിനാൽ പതിവ് നടപടികൾക്ക് കാലതാമസം വരുന്നുണ്ട്. റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി, കേന്ദ്രാനുമതി ലഭ്യമായാൽ മാത്രമേ വനഭൂമി പതിച്ച നൽകുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**